# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ക്രിസ്മസ് പരീക്ഷ 2018-2019

ക്ലാസ്സ് : IX    സമയം : 2 മണിക്കൂർ
തീയതി : 09-12-2018    മാർക്ക് : 70

**ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. നമ്മുടെ വിശ്വാസജീവിതത്തിന് അടിസ്ഥാനമായ ദൈവികവെളിപാടിന്റെ ഉറവിടം.
   (ദൈവവചനം, കൂദാശ, വി. കുർബാന)
2. 'അപ്പസ്തോലിക പാരമ്പര്യം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.
   (വി. ജോൺ മരിയ വിയാനി, വി. അപ്രേം, വി. ഹിപ്പോളിറ്റസ്)
3. ഈശോയിലൂടെ വെളിവാകുന്ന ദൈവസ്നേഹത്തിന്റെ അനുഭവമാണ്.
   (ലിറ്റർജി, കൃപാവരം, രക്ഷ)
4. മാമ്മോദീസാ വഴി പുനർജന്മം ലഭിച്ച വ്യക്തിയെ ക്രൈസ്തവ പക്വതയിലേക്ക് നയിക്കുന്ന കൂദാശ.
   (വി. കുർബാന, കുമ്പസാരം, തൈലാഭിഷേകം)
5. വിശ്വാസത്തിന്റെ കൂദാശ.
   (രോഗീലേപനം, കുമ്പസാരം, മാമ്മോദീസ)

**പേരെഴുതുക** 5

6. സി.ബി.സി.ഐ യുടെ പൂർണ്ണരൂപം?
7. 2018 ഒക്ടോബർ 14ന് ഫ്രാൻസീസ് മാർപാപ്പ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയ മാർപാപ്പ?
8. ബൈബിളിന്റെ സുറിയാനി തർജ്ജമയുടെ പേര്?
9. മാർത്തോമ്മാ ശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുള്ള പാട്ട് ഏതാണ്?
10. പഴയനിയമത്തിൽ ഏറ്റവും കുറച്ച് അദ്ധ്യായങ്ങളുള്ള പുസ്തകം?

**പൂരിപ്പിക്കുക** **5**

11. മാമ്മോദീസ സ്വീകരിക്കുവാനുള്ള വ്യക്തിയെ ജലത്തിൽ മുക്കുന്നത് മിശിഹായോടൊത്തുള്ള .......... സൂചിപ്പിക്കുവാനാണ്.
12. ദൈവതിരുമുമ്പിൽ പാണ്ഡിത്യത്തെക്കാൾ മഹത്വമുള്ളത് .........ക്കും സമർപ്പണത്തിനുമാണ്.
13. രക്ഷയുടെ സദ്വാർത്തയായ ........എന്നാണ് പൗലോസ് ശ്ലീഹ വചനത്തെ വിശേഷിപ്പിക്കുന്നത്.
14. സഭയുടെ വിശ്വാസത്തിന്റെ ആഘോഷവും അനുഷ്ഠാനവും .............ആണ്.
15. വിശുദ്ധീകരിക്കുന്നവനായ മിശിഹായെത്തന്നെ നമുക്ക് നല്കികൊണ്ട് .......... മിശിഹായുടെ കൂദാശയായി വർത്തിക്കുന്നു.

**ഒറ്റവാക്കിൽ / വാക്യത്തിൽ ഉത്തരമെഴുതുക** **5**

16. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളം?
17. ബലിവസ്തുക്കളുടെ ഒരുക്കസമയത്ത് നാം എന്താണ് അനുസ്മരിക്കുന്നത്?
18. വി. ജാന്ന ബെറേത്തായെ വിശുദ്ധയായി പ്രാഖ്യാപിച്ച മാർപാപ്പ?
19. ദൈവവചനം കാട്ടിയ വഴികളിലൂടെ സഞ്ചരിച്ച് വിശുദ്ധനായി ത്തീർന്ന പാരീസ് സർവ്വകലാശാല അദ്ധ്യാപകൻ?
20. "കുമ്പസാരകൂട്ടിൽ ഇരിക്കണം. കാരണം പാപികളെ സ്വർഗ്ഗത്തി ലയക്കാൻ അച്ചന്മാർക്കാണ് കഴിയുന്നത് മാലാഖമാർക്കല്ല." ആരുടേതാണ് ഈ വാക്കുകൾ?

**ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 21. രഹസ്യപ്രാർത്ഥന | - | ഗ്ഹാന്താ പ്രാർത്ഥന |
| 22. പ്രണാമജപം | - | കാനോന |
| 23. അനുസ്മരണപ്രാർത്ഥന | - | കൂശാപ്പ |
| 24. അനാഫൊറ | - | ഡിപ്റ്റിക്സ് |
| 25. സ്തുതിഗീതം | - | ഉയർത്തുക |

**ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **5**

26. ഈശോ തന്റെ സ്വർഗ്ഗാരോഹണത്തിന്റെ വേളയിൽ ശിഷ്യർക്ക് നല്കിയ ദൗത്യം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോ 16:15).
27. നിത്യജീവൻ പ്രാപിക്കാൻ വേണ്ട അവശ്യവ്യവസ്ഥയായി ഈശോ പഠിപ്പിക്കുന്ന വചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 6:54).

**ഉത്തരം എഴുതുക**

28. ദൈവവചനത്തിലൂടെ വെളിപ്പെടുത്തിയിട്ടുള്ള വിശ്വാസസത്യങ്ങൾ ഏതെല്ലാം? **2**
29. വി. ജാന്ന ബെറേത്തായുടെ ജീവിതം നമുക്ക് നല്കുന്ന സന്ദേശം എന്ത്? **2**
30. പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ എത്ര അനാഫൊറകൾ ഉണ്ട്? ഏതെല്ലാം? **3**
31. ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ മാർ അപ്രേം വിശേഷിപ്പിക്കാൻ കാരണമെന്ത്?**3**
32. കൂദാശകൾ വിശുദ്ധീകരിക്കുന്ന കർമ്മങ്ങളാണെന്ന് പറയുന്നത് എന്തുകൊണ്ട്? **4**
33. വി. കുർബാനയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ഒരു പ്രേഷിതനായി അയക്കപ്പെടുന്നു. വിശദമാക്കുക? **4**
34. പരിശുദ്ധരാജ്ഞി ജപം എഴുതുക. **5**
35. തൈലാഭിഷേകം എന്നാൽ എന്ത്? തൈലാഭിഷേകം സ്വീകരിച്ച നിങ്ങൾ എപ്രകാരം പന്തക്കുസ്താ അനുഭവത്തിൽ പങ്കുചേരുന്നു. വിശദമാക്കുക? **5**
36. വി. ജോൺ മരിയ വിയാനിയുടെ ചെറുപ്പത്തിൽ പുണ്യപൂർണ്ണതയിൽ വളരാൻ ലഭിച്ച പരിശീലനങ്ങൾ എന്തെല്ലാം? ഇവ നിങ്ങളുടെ ജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കാം? **6**
37. വചനം ജീവിതസ്പർശിയാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? വചനാധിഷ്ഠിത ജീവിതം നയിക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **6**